# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -846 10.02.2016 ൽ മറുപടിയ്ക്ക്

## തടയണ നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, വി.റ്റി.ബൽറാം<br>,, എ.റ്റി.ജോർജ്<br>,,എം.എ.വാഹിദ്: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. വിവിധ പദ്ധതികളിലായി ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരുന്നത്; വിശദമാക്കുമോ; | (ബി) നദികളിലെയും മറ്റ പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപപ്രദേശത്തെ ഭൂജലവിതരണം താഴാതെ നിർത്തുക, കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) 431 തടയണകളുടെ നിർമ്മാണത്തിനായി 689.00 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ